(ഇ) ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് താൽപ്പര്യമുള്ള സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

(സി-ഇ) RIDF XXII-ൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

വിഷരഹിത പച്ചക്കറികൾ

189 (1564) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കുന്നതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ജൈവകീടനാശിനികളും കീടങ്ങളെ അതിജീവിക്കുന്ന വിത്തുകളും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഷവിമുക്തമായ പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ പ്രത്യേക ലേബലിൽ വിപണിയിൽ ലഭ്യമാക്കുക എന്നതാണ് 'സേഫ് ട്ടു ഈറ്റ് ' പദ്ധതിയുടെ ഉദ്ദേശ്യം. നല്ല കൃഷിരീതികൾ (Good Agricultural Practices) അവലംബിച്ചു കൊണ്ട് വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. PGS (Praticipatory Guarantee System) വഴി പച്ചക്കറികളിലേയും പഴങ്ങളിലേയും ഗുണമേന്മ ഉറപ്പുവരുത്തുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രധാന ഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നഗരങ്ങളിലെ മട്ടുപ്പാവ് കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റുസർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെയും വളപ്പുകളിലെ കൃഷി എന്നിവ പ്രധാനമായും ജൈവരീതിയിൽ ഊന്നിയാണ് നടപ്പിലാക്കുന്നത്. വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ജൈവരീതികൾ അവലംബിക്കാൻ കർഷകർക്ക് പ്രേരണ നൽകുന്നതിനായി ബ്ലോക്ക്തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2015-16 സാമ്പത്തിക വർഷത്തിൽ ഓപ്പൺ വെജിറ്റബിൾ കൾട്ടിവേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും "എല്ലാ വീട്ടിലും കറിവേപ്പ് " എന്ന പരിപാടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മലയാള മനോരമയുമായി ചേർന്ന് നടപ്പിലാക്കി.

കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 24275 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവ വളങ്ങൾ, പൂച്ചെടികൾ, ജൈവരോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുമായി 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. 2 കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജൈവകീടനാശിനികൾ, നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിപണനം നടത്തിവരുന്നു. വിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ഇക്കോ ഷോപ്പുകൾ മുഖേനയും ജൈവ ഉൽപ്പാദനോപാധികൾ വിതരണം ചെയ്യുന്നു.

റബ്ബർ കർഷകർക്കുള്ള സഹായം

190 (1565) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവിനെത്തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ റബ്ബറിന് തറവില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച പദ്ധതികൾ ഏതെല്ലാമാണ്;വ്യക്തമാക്കാമോ;

(ഡി) ആയതിന് ആകെ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റബ്ബർ വിലയിടിവ് മൂലമുണ്ടായ സാമ്പത്തിക പ്രയാസം കാരണം കർഷകർ ഈ കാലയളവിൽ ആത്മഹത്യ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly